പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ഗ്രാമവികസന വകുപ്പ് മുഖേന നടത്തിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 277 — 13-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. പി.വി. അൻവർ**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പ് വഴി നടത്തി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും ഏതെല്ലാമെന്ന് അറിയിക്കാമോ; ഇവയോരോന്നിന്റെയും കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണ്; വിശദമാക്കുമോ; | (എ) | ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും സംസ്ഥാന പദ്ധതികളുടെയും ഇവയോരോന്നിന്റെയും കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.<br>(1) കേന്ദ്രാവിഷ്കൃത പദ്ധതികൾ |

| ക്രമ നം | പദ്ധതിയുടെ പേര് | കേന്ദ്ര അനുപാതം (%) | സംസ്ഥാന അനുപാതം (%) |
|---|---|---|---|
| 1. | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം | അവിദഗ്ധ തൊഴിലാളികളുടെ കൂലി, ഭരണ ചെലവ് എന്നിവ പൂർണ്ണമായും, സാധന സാമഗ്രികളുടെയും വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനത്തിന്റെ 75 ശതമാനവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. | വിദഗ്ധ / അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനത്തിന്റെയും സാധന സാമഗ്രികളുടെയും 25% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത് |
| 2. | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) PMAY (G) | 60 | 40 |
| 3. | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന | 60 | 40 |
| 4. | സ്വച്ഛ് ഭാരത് മിഷൻ (SBM) (ഗ്രാമീൺ)/ നിർമ്മൽ ഭാരത് അഭിയാൻ (NBA) | 60 | 40 |

| | | | |
|---|---|---|---|
| 5. | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 60 | 40 |
| 6. | DRDA അഡ്മിനി-സ്ട്രേഷൻ | 60 | 40 |
| 7. | നാഷണൽ റർബൻ മിഷൻ | 60 | 40 |
| 8. | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD)-കില-സെന്റർ ഫോർ ഹ്യൂമൺ ഡവലപ്മെന്റ് | 50 (കൂടാതെ 5 കോർ ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും അലവൻസുകളും പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കുന്നു | 50 |

(2) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് |
|---|---|
| 1 | വികസന പരിശീലന കേന്ദ്രങ്ങളുടെ (ഇ.ടി.സി) ശാക്തീകരണം |
| 2 | ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ-വിവര സാങ്കേതിക വിദ്യ |
| 3 | പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതം |
| 4 | ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ |
| 5 | ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ |
| 6 | ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ്-സഹായമുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ |
| 7 | പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം |
| 8 | അസിസ്റ്റന്റ് ഡവലെപ്മെന്റ് കമ്മീഷണർ ഓഫീസുകൾക്കുള്ള വാഹനം വാങ്ങൽ/ വാടകക്കെടുക്കൽ |
| 9 | ഗ്രാമവികസന വകുപ്പിൽ ഇ ഗവേണൻസ്/ നവീകരണവും ശാക്തീകരണവും |
| 10 | പിന്നോക്ക മേഖലാ സഹായനിധി (ബി.ആർ.ജി.എഫ്) |
| 11 | എം.ജി.എൻ.ആർ.ഇ.ജി.പി.ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ |
| 12 | എം.ജി.എൻ.ആർ.ഇ.ജി.പി പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ട പരിഹാരം |

| | | | |
|---|---|---|---|
| | | | സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പൂർണ്ണമായും സംസ്ഥാന വിഹിതമാണ്. |
| (ബി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് നൽകി വരുന്നത്: ഈ തുക കൊണ്ട് വീട് നിർമ്മാണം പ്രായോഗികമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണ്: | (ബി) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുകയിൽ 72,000/- കേന്ദ്ര സർക്കാറും 48,000/- രൂപ സംസ്ഥാന സർക്കാറും നൽകുന്നു. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന അതേ നിരക്ക് നൽകുന്നതിനായി ആവശ്യമുള്ള ബാക്കി തുകയായ 2,80,000/- രൂപ കൂടി ലൈഫ് പദ്ധതിയുടെ ഭാഗമായി അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | സ്വച്ഛ് ഭാരത് മിഷന്റെ (ഗ്രാമീൺ) ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ പൊതുശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഖര, ദ്രാവക മാലിന്യ സംസ്കരണത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൻകീഴിൽ പൊതു ശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ചെലവിന്റെ 90 % പദ്ധതിയിൽ നൽകുന്നു. ഗ്രാമ പഞ്ചായത്തുകൾ സ്ഥലം കണ്ടെത്തി നിർവ്വഹണം നടത്തണം. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പരിപാടിയിൻ കീഴിൽ ഓരോ ഗ്രാമ പഞ്ചായത്തിനും പരമാവധി 20 ലക്ഷം രൂപയാണ് ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക. ചുവടെ ചേർക്കുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകളാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്.<br>1. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ<br>2. തുമ്പൂർ മൂഴി മോഡൽ കമ്മ്യൂണിറ്റിതല എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനം<br>3. മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോ ഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാൻറ് മുതലായവ<br>4. കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ<br>5. കൈമാറി ലഭിച്ചിട്ടുള്ള സ്കൂളുകളിൽ കമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് പ്ലാന്റ് സംവിധാനം |

| | | | |
|---|---|---|---|
| | | | 6. സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റ് കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ<br>7. ഒന്നിലധികം ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാൻറ് (സംയുക്ത പ്രോജക്റ്റ്)<br>8. റസിഡന്റ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രി, ഹോസ്റ്റൽ, ഹോട്ടൽ, കല്യാണ മണ്ഡപങ്ങൾ മറ്റ് സ്ഥാപനങ്ങൾ ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വിവിധ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് ഭാഗിക ധനസഹായം. |

സെക്ഷൻ ഓഫീസർ